"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. ക്യൂ.ഐ.പി (1)/42228/2016/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 18/08/2016.

## സർക്കുലർ

വിഷയം : പൊതു വിദ്യാഭ്യാസം – കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ ശുപാർശ – സംബന്ധിച്ച് –

സൂചന : കമ്മീഷന്റെ 17/6/2016-ലെ സി.ആർ.എം.പി – 3730/01/എൽ.എ2/2015/കെ.ഇ.എസ്. സി.പി.സി.ആർ നമ്പർ റിപ്പോർട്ട്.

******

സം‌സ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒരേ വിഭാഗത്തിൽ ഒരുതരം യൂണിഫോം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. സംസ്ഥാനത്തെ സ്കൂളുകളിൽ, ഒരു സ്കൂളിൽ തന്നെ വ്യത്യസ്ഥ യൂണിഫോമുകൾ അനുവദനീയമല്ല. കാലാവസ്ഥക്കിണങ്ങുന്നതും കുട്ടികൾക്ക് സൗകര്യപ്രദവും പ്രായത്തിന് അനുയോജ്യവുമായിരിക്കണം യൂണിഫോമിന്റെ രൂപകല്പന സ്കൂളിലെ വ്യത്യസ്ത വിഭാഗങ്ങൾ (Sections) തമ്മിൽ വേർതിരിച്ചറിയുവാൻ ഘടനാപരമായ (Pattern) മാറ്റങ്ങൾ ആകാവുന്നതാണ്.

ഏതെങ്കിലും ദിവസം യൂണിഫോം ധരിക്കുന്നതിൽ നിന്നും കുട്ടികൾക്ക് ഇളവുനൽകുകയാണെങ്കിൽ അത് എല്ലാ വിഭാഗം കുട്ടികൾക്കും ബാധകമായിരിക്കേണ്ടതാണ്.

ഈ നിർദ്ദേശങ്ങൾ അധികാരികൾ പാലിക്കുന്നുവെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പാക്കേണ്ടതുമാണ്.

ജിമ്മി കെ. ജോസ്,
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),
പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി.

(1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
(2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(4) എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
(5) കരുതൽ ശേഖരം.

എ.സി-